**കേരള സർക്കാർ**

<u>സംഗ്രഹം</u>

പട്ടിക ജാതി/പട്ടിക വർഗ സഹകരണ സംഘങ്ങളിലെ സെക്രട്ടറിമാരുടെ പേരിൽ ബന്ധപ്പെട്ട ജില്ലാ/സബ് ട്രഷറികളിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **1346/2018/ധന.** തിരുവനന്തപുരം, തീയതി **22.02.2018**

---

പരാമർശം - 05.12.2017 ലെ സഹകരണ സംഘം രജിസ്ട്രാറുടെ എസ്.സി.റ്റി. (1) 23564/15 നമ്പരായുള്ള കത്ത്

**<u>ഉത്തരവ്</u>**

വാർഷിക പദ്ധതി 2017-18 ൽ പട്ടികജാതി/പട്ടിക വർഗ സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധന സഹായം നൽകുന്ന പുതിയ പദ്ധതിയ്ക്ക് അനുവദിക്കുന്ന ധനസഹായ തുക, മാർഗനിർദേശത്തിലെ വ്യവസ്ഥകൾ പ്രകാരം ചെലവഴിക്കുന്നതിന് തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ 8 പട്ടികജാതി/പട്ടിക വർഗ സഹകരണസംഘങ്ങളിലെ സെക്രട്ടറിമാരുടെ പേരിൽ ബന്ധപ്പെട്ട ജില്ലാ / സബ്ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാൻ അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ 8 പട്ടികജാതി/പട്ടിക വർഗ സഹകരണസംഘങ്ങളിലെ (താഴെ അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു) സെക്രട്ടറിമാരുടെ പേരിൽ ബന്ധപ്പെട്ട ജില്ലാ / സബ്ട്രഷറിയിൽ പലിശ രഹിത സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ ആരംഭിക്കാൻ, ജില്ലയിലെ അസി. രജിസ്ട്രാറുടെ അനുമതിയോടെ മാത്രമേ തുക പിൻവലിക്കാവൂ എന്ന നിബന്ധനയോടെ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ജി & എസ്.എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം
സഹകരണ (B) വകുപ്പ് (e-file No: Co-Op-B3/21/2018-Co-Op പ്രകാരം )
ധനകാര്യ (അഗ്രി-സി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നം. | സംഘത്തിന്റെ പേര് | ജില്ല |
|---|---|---|
| 1 | മരുതൂർകോണം പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം.റ്റി. 826 | തിരുവനന്തപുരം |
| 2 | ഉള്ളൂർ പട്ടികജാതി/പട്ടികവർഗ്ഗ സർവീസ് സഹകരണ സംഘം ക്ലിപ്തം നം. 635 | തിരുവനന്തപുരം |
| 3 | കോടംതുരുത്ത് പഞ്ചായത്ത് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം. എ 797 | ആലപ്പുഴ |
| 4 | ഹൈറേഞ്ച് പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം. ഐ 153 | ഇടുക്കി |
| 5 | അടിമാലി പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം. ഐ. 122 | ഇടുക്കി |
| 6 | ഡോ.അംബേദ്കർ മെമ്മോറിയൽ പട്ടികജാതി കലാ സഹകരണ സംഘം ക്ലിപ്തം നം.ആർ.803 | തൃശ്ശൂർ |
| 7 | ചേർപ്പ് ബ്ലോക്ക് രാജീവ്ഗാന്ധി മെമ്മോറിയൽ പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം. ആർ.845 | തൃശ്ശൂർ |
| 8 | ചാത്തമംഗലം പട്ടികജാതി സർവീസ് സഹകരണ സംഘം ക്ലിപ്തം നം. പി.860 | പാലക്കാട് |